പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4365

27.06.2013-ലെ മറുപടിക്ക്

## കളമശ്ശേരിയിലെ എച്ച്.എം.ടി വക ഭൂമി

**ചോദ്യം**
ശ്രീ.എളമരം കരീം

**മറുപടി**
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എച്ച്.എം.ടി.യുടെ കളമശ്ശേരിയിലെ 70 ഏക്കർ ഭൂമി, അവർ വില്പന നടത്തിയ നടപടിയുടെ നിയമ സാധുത സംബന്ധിച്ച്, കഴിഞ്ഞ സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിരുന്നുവോ; | (എ) | കളമശ്ശേരി എച്ച്.എം.റ്റി ലിമിറ്റഡിൽ നിന്നും M/s.ബ്ലൂ സ്റ്റാർ റിയൽറ്റേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ് വാങ്ങിയ 70 ഏക്കർ ഭൂമിയിൽ സീലിംഗ് കേസ് നടപടി സ്വീകരിക്കുന്ന കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിരുന്നു. |
| (ബി) | എന്തായിരുന്നു എ.ജി.യുടെ നിയമോപദേശം; | (ബി) | സർക്കാരിന്റെ 04.07.2000 ലെ ജി.ഒ.(എം.എസ്). 207/2000 നമ്പർ വിജ്ഞാപനം പ്രകാരം എച്ച്.എം.റ്റി യുടെ കൈവശമുള്ള 100 ഏക്കർ ഭൂമി സീലിംഗ് പരിധിയിൽ നിന്നും ഒഴിവാക്കി നൽകിയിരുന്നു. പ്രസ്തുത ഭൂമി വ്യവസായാവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂയെന്നും വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്നു. ഈ വിജ്ഞാപനത്തിന്റെയും ഡബ്ല്യൂ.പി.(സി) നം. 3258/2008 മേലുള്ള കേരള ഹൈക്കോടതിയുടെ 11/08/2009-ലെ വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ എച്ച്.എം.റ്റി. യിൽ നിന്നും M/s. ബ്ലൂ സ്റ്റാർ റിയൽറ്റേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ് വിലയ്ക്ക് വാങ്ങി കൈവശം വച്ചിരിക്കുന്ന 70 ഏക്കർ ഭൂമിയിൽ സീലിംഗ് കേസ് നടപടി സ്വീകരിക്കാൻ കഴിയില്ലായെന്നാണ് സീനിയർ ഗവ. പ്ലീഡർ അഡ്വക്കേറ്റ് ജനറലിന്റെ അംഗീകാരത്തോടെ 07/08/2010 ൽ നൽകിയ നിയമോപദേശത്തിന്റെ സാരം. |
| (സി) | എച്ച്.എം.ടി ഭൂമി വില്പന സംബന്ധിച്ച് കേരള ഹൈക്കോടതിയും സുപ്രീം കോടതിയും നടത്തിയ വിധി പ്രസ്താവനയുടെ അന്ത:സ്സത്ത എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ? | (സി) | ടി ഭൂമി വ്യവസായികാവശ്യത്തിനു അല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കരുതെന്നും ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുള്ള സി.ആർ.പി 1026/02-ാം നമ്പർ കേസിന് വിധേയമായി എച്ച്.എം.റ്റിയുടെ സീലിംഗ് കേസിൽ നടപടി തുടരുന്നതിൽ നിയമതടസ്സമില്ലായെ നുമുള്ളതാണ് ബഹു. ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധിന്യായത്തിലെ അന്ത:സ്സത്ത. |

സെക്ഷൻ ഓഫീസർ